©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 9
Vol. IX

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2020 ആഗസ്റ്റ് 4
4th August 2020
1195 കർക്കടകം 20
20th Karkadakam 1195
1942 ശ്രാവണം 13
13th Sravana 1942

നമ്പർ
No. 31

# PART III

# Fisheries Department

പരസ്യം

(1)

നമ്പർ ഐ-2779/2019. 2020 ജൂലൈ 8.

2008-ാമാണ്ട് ജൂൺ മാസം 26-ാം തീയതി തെക്കുംഭാഗം വില്ലേജിൽ തെക്കുംഭാഗം മുറിയിൽ പണ്ടകശാല വീട്ടിൽ ജർമ്മാനി മകൻ മാത്യു പേർക്ക് ചവറ സബ് രജിസ്ട്രാർ ഓഫീസിലെ 2716/08-ാം നമ്പർ ഭാഗ ഉടമ്പടി പ്രകാരം 4-ാം നമ്പർ പട്ടികയിൽപ്പെട്ട പഴയസർവ്വേ 1214/272-ൽപ്പെട്ട ബ്ലോക്ക് നമ്പർ 21-ൽ റീസർവ്വേ 11/1-ന് 119 ഹെക്ടർ 19 ആർ 50 ച.മീറ്ററിൽ ഉൾപ്പെട്ട 4 ആർ 44 ച.മീറ്റർ കായൽ ജലാശയത്തിൽ ഉദ്ദേശം 1 ആർ. 11 ച. മീറ്ററിൽ സ്ഥിതിചെയ്യുന്ന ദളവാപുരം മേൽക്കുമേൽ പാട്ടിലെ 9, മേടപ്പുറത്ത് പാട്ടിലെ 1, 3 എന്നീ നമ്പരുകളിലുള്ള 3 കുറ്റിവലപ്പാടുകൾ ടി വില്ലേജിൽ ടി മുറിയിൽ പണ്ടകശാലവീട്ടിൽ ജർമ്മാനി ഭാര്യ മേരി ജർമ്മാനിയും 5 മക്കളും കൂടി ഭാഗ ഉടമ്പടി ചെയ്ത് നല്കിയിട്ടുണ്ട്. ശ്രീ മാത്യു ജർമ്മാനി, പണ്ടകശാല, തെക്കുംഭാഗം, ചവറ (S) തന്റെ കൈവശത്തിലും അനുഭവത്തിലും ഉള്ളതായ ടി കുറ്റിവലപ്പാടുകൾ തന്റെ പേരിൽ പോക്കുവരവ് ചെയ്ത് കിട്ടുന്നതിനായി അപേക്ഷിച്ചിരിക്കുന്നു. ടിയാൻ അംഗീകൃത മത്സ്യത്തൊഴിലാളിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ദളവാപുരം മേൽക്കുമേൽ പാട്ടിലെ 9, മേടപ്പുറത്ത് പാട്ടിലെ 1, 3 എന്നീ നമ്പരുകളിലുള്ള 3 ഊന്നിവലപ്പാടുകൾ അപേക്ഷകനായ തെക്കുംഭാഗം വില്ലേജിൽ തെക്കുംഭാഗം മുറിയിൽ പണ്ടകശാലവീട്ടിൽ ജർമ്മാനി മകൻ മാത്യു ജർമ്മനി പേർക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിനെതിരെ ന്യായമായ പരാതി ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ രണ്ടുമാസത്തിനുള്ളിൽ ഈ ആഫീസിൽ രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരാതി ഒന്നും ഇല്ല എന്ന് കണക്കാക്കി അപേക്ഷകന്റെ പേരിൽ പോക്ക് വരവ് ചെയ്ത് നൽകുന്നതാണ്.

Gaz. No. 31/2020/DTP (Fisheries).

(2)

നമ്പർ ഐ–5088/2019. 2020 ജൂലൈ 8.

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ ആലപ്പാട് വില്ലേജിൽ അഴീക്കൽതുറയിൽ പുത്തൻചിറയിൽ വീട്ടിൽ മാനുവൽ നെറ്റോ മകൻ ആൽബർട്ട് നെറ്റോ പേർക്ക് ആലപ്പാട് വില്ലേജിൽ ക്ലാപ്പന തെക്കും മുറിയിൽ അരിക്കര പുത്തൻ വീട്ടിൽ ജോൺ കാർഡോസ്, പീറ്റർ കാർഡോസ് മുതൽ പേരുടെ വക സർവ്വേ P.326 A 711-ാം നമ്പർ പുരയിടത്തിൽ തെക്കേ മൂലയിൽ നിന്നും പടിഞ്ഞാറോട്ട് അഷ്ടമുടി കായലിൽ കൊമ്പ് ചായ്ച് ഒരു ചീനവല പ്രവർത്തിപ്പിക്കുന്നതിന് മത്സ്യ വകുപ്പ് അനുമതി നൽകിയിട്ടുള്ളതാണ്. ശ്രീ ആൽബർട്ട് നെറ്റോ 7–4–2019–ന് മരണപ്പെട്ട സാഹചര്യത്തിൽ ടി ചീനവല തന്റെ പേരിലേക്ക് മാറ്റി അനുവദിക്കണമെന്ന് ശ്രീ ആൽബർട്ട് നെറ്റോയുടെ ഭാര്യയും അനന്തരാവകാശിയുമായ ശ്രീമതി. മേരി നെറ്റോ, പുത്തൻചിറയിൽ, ആയിരംതെങ്ങ്, ആലുംപീടിക പി. ഒ., കൊല്ലം അപേക്ഷച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ PTR 2/98-ാം നമ്പരായി രജിസ്റ്റർ ചെയ്തിരിക്കുന്ന ടി ചീനവല അപേക്ഷകയായ ശ്രീമതി. മേരി നെറ്റോ, പുത്തൻചിറയിൽ, ആയിരംതെങ്ങ്, ആലുംപീടിക പി. ഒ., കൊല്ലത്തിന്റെ പേർക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിനെതിരെ ന്യായമായ പരാതി ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ രണ്ടുമാസത്തിനുള്ളിൽ ഈ ആഫീസിൽ രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരാതി ഒന്നും ഇല്ല എന്ന് കണക്കാക്കി അപേക്ഷകയുടെ പേരിൽ പോക്ക് വരവ് ചെയ്ത് പുതിയ പട്ടയം നൽകുന്നതാണ്.

ഫിഷറീസ് ഡെപ്യൂട്ടി
ഡയറക്ടറാഫീസ്, (ഒപ്പ്)
കൊല്ലം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

---